**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **16-09-2025 - ൽ മറുപടിയ്ക്ക്**

**അവശ്യ സാധനങ്ങളുടെ വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി Price Monitoring Cell, പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി Centre for Price Research Kerala എന്നിവയും നിലവിലുണ്ട്.<br><br>വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/ താലൂക്ക് തല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഉത്സവ സീസണുകളിൽ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നി വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തി വരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിനോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോട്ട കൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | ഓണ വിപണിയിൽ വില നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനും സർക്കാർ നിയന്ത്രിത | (ബി) | ഈ ഓണക്കാലത്ത് AAY കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 14 അവശ്യ സാധനങ്ങൾ അടങ്ങിയ ഓണക്കിറ്റുകളും PHH കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളെ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുത്തിയെന്ന് വിശദമാക്കാമോ? | | പുറമെ 10.90/Kg എന്ന നിരക്കിൽ 5 Kg അരിയും NPS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.90/Kg എന്ന നിരക്കിൽ 10 Kg അരിയും NPNS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.90/Kg എന്ന നിരക്കിൽ 15Kg അരിയും വിതരണം ചെയ്തിട്ടുണ്ട്. ആകെ 149407 MT അരിയാണ് മേൽ പ്രകാരം വിതരണം നടത്തിയത്.<br><br>ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസിക ൾക്ക് നാല് പേർക്ക് ഒരു കിറ്റ് എന്ന നിലയിൽ ഭക്ഷ്യ കിറ്റുകളും നല്കി സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും ഭക്ഷ്യ കിറ്റുകൾ നല്കി.<br><br>സർക്കാരിന്റെ വിപണി ഇടപെടൽ സംവി ധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കാറുണ്ട്. ഈ ഓണക്കാലത്തും എല്ലാ ജില്ലകളിലും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ഫെയറുകൾ പ്രവർത്തിക്കുന്ന മണ്ഡലങ്ങൾ ഒഴികെ യുള്ള 126 നിയോജക മണ്ഡലങ്ങളിൽ ഒരു സപ്ലൈകോ വിൽപ്പനശാലയോട് ചേർന്നും 140 നിയോജക മണ്ഡലങ്ങളിൽ സഞ്ചരിക്കുന്ന ഓണച്ചന്തകൾ നിശ്ചിത ഷെഡ്യൂളുകൾ പ്രകാരവും പ്രവർത്തിപ്പിച്ചു.<br><br>സപ്ലൈകോയുടെ സ്വന്തം ശബരി' ബ്രാ ൻഡിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊ ടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി എന്നിവ പൊതു വിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽ പ്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജ നങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ |

| | | | |
|---|---|---|---|
| | | | ശബരി സിഗ്നേച്ചർ കിറ്റ്, സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോ ഓണം സ്പ ഷ്യലായി പച്ചരി, പുഴുക്കലരി എന്നിവ കി ലോഗ്രാമിന് 25/- രൂപ നിരക്കിൽ ബില്ലൊന്നിന് പരമാവധി 20 കിലോ വരെ എന്ന കണക്കിന് വിൽപ്പന നടത്തി.<br><br>പൊതു വിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി (ലിറ്ററിന് 529/- രൂപയിലധി കം) ഉയർന്ന സാഹചര്യത്തിൽ, 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് സ ബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചണ്ണ ലിറ്ററിന് 339/- രൂപ നിരക്കിലും പൊ തുജനങ്ങൾക്ക് നോൺ-സബ്സിഡി ശബരി വെളിച്ചെണ്ണ 1 ലിറ്ററിന് 389/- രൂപ നിരക്കിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കി. കൂടാതെ 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് മാ സത്തെ സബ്സിഡിയുൾപ്പെടെയുള്ള ശ ബരി വെളിച്ചെണ്ണയോടോപ്പം സെപ്റ്റ മാസത്തെയും വാങ്ങുന്നതിനുള്ള സൗകര്യ മൊരുക്കി. ഇതിനു പുറമേ സെപ്റ്റംബർ 3,4 തീയതികളിൽ സപ്ലൈകോ വിൽപ്പനശാല കളിൽ നിന്ന് 1500/- രൂപയോ അതിൽ കൂടു തലോ തുകയ്ക്ക് സബ്സിഡിയിതര സാധന ങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറായി 1 ലിറ്ററിന് 339/- രൂപ നിരക്കിൽ ശബരി വെളിച്ചെണ്ണ നൽകി. ഈ വർഷത്തെ ഓണക്കാലത്ത് 180 കോടി രൂപയുടെ സബ്സിഡി വില്പനയും 206 കോടിയുടെ നോൺ സബ്സിഡി വില്പനയുമുൾപ്പടെ 386.02 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോ നടത്തിയിരിക്കുന്നത്. ഈ കാലയളവിൽ 56.73 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോ സന്ദർശിച്ചു . |

സെക്ഷൻ ഓഫീസർ